# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## (ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. ജോൺസൺ കെ)

വിഷയം : തസ്വഭവ – (LID & EW) - ജീവനക്കാര്യം - സെലക്ഷൻഗ്രേഡ്, സീനിയർ ഗ്രേഡ്, യു.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ അനുപാതം സംസ്ഥാനതലത്തിൽ ക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം : 1) സ.ഉ(പി) നം. 7/2016/ഫിൻ തീയതി 20.01.2016

2) ഈ കാര്യാലയത്തിലെ 24.10.2018-ലെ ഇതേ നമ്പർ ഉത്തരവ്

3) ഈ കാര്യാലയത്തിലെ 29.09.2020 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നം. എ2-4595/2014/സിഇ/തസ്വഭവ തീയതി 02/11/2020

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ പൊതുമരാമത്ത്, ജലസേചനം, റൂറൽ ഡെവലപ്മെന്റ് ബോർഡ് എന്നിവിടങ്ങളിൽ നിന്ന് വിട്ടുകിട്ടിയ 149 ടൈപ്പിസ്റ്റ് തസ്തികകളെ പരാമർശം (1) ശമ്പളപരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സെലക്ഷൻഗ്രേഡ് ടൈപ്പിസ്റ്റ്, സീനിയർഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി ടൈപ്പിസ്റ്റ്, എൽ.ഡി ടൈപ്പിസ്റ്റ് എന്നീ തസ്തികകളായി 1:1:1:1 അനുപാതത്തിൽ 37:37:37:38 എന്നിങ്ങനെ ജില്ലാടിസ്ഥാനത്തിൽ വിന്യസിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ഇതിൽ 38 എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വിന്യസിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (2) പ്രകാരം ഓരോ ജില്ലകളിലേയ്ക്കും അനുവദിച്ചിട്ടുള്ള ആകെ ടൈപ്പിസ്റ്റ് തസ്തികകളുടെ എണ്ണത്തിന് മാറ്റമില്ലാതെ യു.ഡി ടൈപ്പിസ്റ്റ്, സീനിയർഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളുടെ അനുപാതം സംസ്ഥാനതലത്തിൽ നിലനിർത്തി പരാമർശം (2) ഉത്തരവിൽ ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം (2) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്

**ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ**

(ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധികച്ചുമതല)

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

P 846